| | | | |
|---|---|---|---|
| **പതിമൂന്നാം കേരള നിയമസഭ** | | | |
| **പതിനഞ്ചാം സമ്മേളനം** | | | |
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3506** | | **17.12.2015-ൽ മറുപടിക്ക്** | |
| **വി.എച്ച്.എസ്.ഇ (കോമേഴ്സ്) അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ്** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.വി.പി.സജീന്ദ്രൻ** | | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** | |
| (എ) | വി.എച്ച്.എസ്.ഇ (കോമേഴ്സ്) അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 24.09.2014-ൽ നോൺ വൊക്കേഷണൽ ടീച്ചർ (കോമേഴ്സ്) തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് കേരള പബ്ളിക് സർവീസ് കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും അദ്ധ്യാപകരുടെ നിയമനത്തിന് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. 09.03.2015-ൽ 17 ഒഴിവുകളിലേക്കും (14 ഫ്രഷ്, 3 എൻ.ജെ.ഡി) 01.09.2015-ൽ 21 ഒഴിവുകളിലേക്കും (5 ഫ്രഷ്, 16 എൻ.ജെ.ഡി) കേരള പബ്ളിക് സർവീസ് കമ്മീഷൻ അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്. |
| (സി) | ഇതിൽ എൻ.ജെ.ഡി വിഭാഗത്തിൽ എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (സി) | രണ്ട് ഘട്ടങ്ങളിലുമായി 19 എൻ.ജെ.ഡി ഒഴിവുകൾ (3+16) കേരള പബ്ളിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ നോൺ വൊക്കേഷണൽ ടീച്ചർ (കോമേഴ്സ്) തസ്തികയിൽ എൻ.ജെ.ഡി വിഭാഗത്തിൽ ഒഴിവുകൾ ഉള്ളതായി സ്കൂളുകളിൽ നിന്ന് അറിയിപ്പ് കിട്ടിയിട്ടില്ല. |
| (ഡി) | വി.എച്ച്.എസ്.ഇ-യിൽ പ്രസ്തുത അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (ഡി) | നോൺ വൊക്കേഷണൽ ടീച്ചർ (കോമേഴ്സ്) തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി 22 ഒഴിവുകളും മിനിസ്റ്റീരിയൽ സ്റ്റാഫിൽ നിന്ന് ബൈ ട്രാൻസ്ഫർ നിയമനത്തിനായി 4 ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നേരിട്ടുള്ള നിയമനത്തിനായുള്ള 22 ഒഴിവുകളിലേക്കും പി.എസ്.സിയുടെ ശിപാർശ ലഭിച്ചത് പ്രകാരം നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | എൻ.ജെ.ഡി ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) | എൻ.ജെ.ഡി ഉൾപ്പെടെയുള്ള ഒഴിവുകൾ സ്കൂളുകളിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ